
# നിറ നിലാവ്



ഗവ.എച്ച്.എസ്.എസ് കുളത്തൂർ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ

# സന്ദേശം

**ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**



**ഹെഡ്മിസ്ട്രസ്**

**ശ്രീമതി. സുലതകുമാരി എസ്**



## ഗവ.എച്ച്.എസ്.എസ് കുളത്തൂർ





## ലിറ്റിൽ കൈറ്റ്സ്



# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

ഗ്രാഫിക്സ്
അനിമേഷൻ
മലയാളം കമ്പ്യൂട്ടിങ്
ഇന്റർനെറ്റ്
സ്ക്രാച്ച്
മൊബൈൽ ആപ്
പൈത്തൺ
ഇലക്ട്രോണിക്സ്
റോബോട്ടിക്സ്
ഹാർഡ് വെയർ






പ്രവേശനോത്സവം
പ്രവേശനോത്സവം


2018-19








എസ്.പി.സി ഉത്ഘാടനം




**ലഹരി വിരുദ്ധ പ്രതിജ്ഞ**



**ലഹരി വിരുദ്ധ ബോധവൽക്കരണം**

# സ്കൂളിലെ പൂർവ്വ വിദ്യാർഥിയായ ശ്രീ. സുധാകരൻ കുട്ടികൾക്കായി നടത്തുന്ന പ്രശ്നോത്തരി

**എല്ലാ ദിവസവും രാവിലെ സ്കൂളിലെത്തി സ്കൂളിനെക്കുറിച്ചും ശ്രീനാരായണഗുരുവിനെക്കുറിച്ചും കുട്ടികൾക്ക് അറിവ് നൽകുന്നു. ആ അറിവുകളെ ആധാരമാക്കിയുള്ള പ്രശ്നോത്തരിയിൽ വിജയികളാകുന്നവർക്ക് 3000 രൂപ പാരിതോഷികവും നൽകുന്നു.**



## ഉള്ളടക്കം


കവിത-----മനോഹര രാത്രി

പൂമ്പാറ്റ

അമ്മേ പ്രകൃതി

കഥ --- സ്നേഹ ബന്ധങ്ങൾ

കവിത---വേദനിക്കാത്തവർ

ജീവധാര

യാത്രാവിവരണം-----മാജിക്ക് പ്ലാനറ്റ്

കവിത ----ജീവൻ പിന്നിട്ട വഴികൾ

# <u>മനോഹര രാത്രി</u>

ഇരുണ്ടു കിടക്കുന്ന വാനത്തിൽ
മുല്ല പൂത്തു നിൽക്കുന്നുവോ
അതിനിടയിൽ നിലാവ് പരത്തുന്ന ചന്ദ്രൻ
എന്തൊരു ഭംഗി, എന്തൊരു മനോഹാരിത
ഇനി ഒന്നും വേണ്ട
മറക്കാൻ കഴിയാത്ത കാഴ്ച
പ്രകൃതിയുടെ വെളിച്ചം
ജീവിതത്തെ ചുറ്റി നന്മ പകരുന്നപോലെ
സ്വപ്നമാണോ....
അവിശ്വസനീയം... ഈപ്രപഞ്ചത്തിന്റെ ഭംഗി
ഈ കാഴ്ചകൾ കാണാനെനിക്കു ഭാഗ്യം കിട്ടിയല്ലോ
നന്ദി...ദൈവമേ നന്ദി...

ജിതിൻ ചന്ദ്രൻ
VII

# പൂമ്പാറ്റ

ഇലകളിൽ ജന്മം ഉണരുന്ന ശലഭമേ
നിന്റെ ഭംഗി സർവജീവജാലങ്ങളും
ആസ്വദിക്കുന്നു
വർണച്ചിറകുള്ള പൂമ്പാറ്റേ
പൂക്കളിൽ നിന്നും തേൻ നുകരും
നിന്റെ ചിറകിൽ സൂര്യൻ പ്രകാശം
ചൊരിയുമ്പോൾ
നിന്റെ ചന്തം എത്ര കൂടുന്നു
ഭൂമിക്കീ ആനന്ദം കാഴ്ച വയ്ക്കും
നിനക്ക് അല്പായുസ്സാണെന്ന കാര്യമോർക്കുമ്പോൾ
നിന്നെ വിധിവിഴുങ്ങാറാകുമ്പോഴും
എത്ര ഉല്ലാസമായി നീ പറക്കുന്നു
ശലഭമേ ശലഭമേ
ഈ ഭൂമിയിൽ നീ വീണ്ടും ഉണർന്നെണീക്കുക

ആദിത്ത്

# അമ്മേ പ്രകൃതി

അമ്മേ പ്രകൃതി നീയാണെന്റെ ജീവൻ
നിന്നിൽ തുടങ്ങുന്ന ജീവിതയാത്ര
ഞാനൊന്നു തളർന്നാൽ നീ തണലേകും
ഞാനൊന്നു വിശന്നാൽ നീ വിശപ്പടക്കും
ഞാനൊന്നു പിടച്ചാൽ നീ കാറ്റാകും
പ്രകൃതിയൊരു പാഠശാല
എല്ലാം പഠിപ്പിക്കും പാഠശാല
നിന്നെ കൊല്ലുന്ന മക്കൾ
എന്നു പഠിക്കും നന്മതൻ പാഠം

സുജിഷ സുരേഷ്
V

# സ്നേഹ ബന്ധങ്ങൾ

അപ്പുവിന്റെ വീട്ടിലെ കുതിരക്കാരനായിരുന്ന കോയസ്സൻ. അപ്പുവിന്റെ വീട്ടിൽ കാറു വാങ്ങിയപ്പോൾ കോയസ്സനെ വേണ്ടാതായി. പോകാൻ നേരം കോയസ്സൻ സങ്കടത്തോടെ അപ്പുവിനോട് പറഞ്ഞു. "അപ്പു വളർന്ന് ഡോക്ടറാകുമ്പോൾ എന്റെ മകനെ ഡ്രൈവറാക്കണം.”

വർഷങ്ങൾ കടന്നുപോയി. മെഡിക്കൽകോളേജ് അഡ്മിഷൻ ദിവസം. എവിടെ നോക്കിയാലും ആൾക്കൂട്ടം. അവിടെ മികച്ച വിജയത്തോടെ അഡ്മിഷൻ നേടിയ രണ്ടുകുട്ടികൾ. അപ്പുവും കുഞ്ഞാലുവും. ആ  രണ്ടുകുട്ടികളായിരുന്നുഅന്നത്തെ വാർത്തകളിൽ നിറഞ്ഞു നിന്നത്. അവിടെ കിഞ്ഞാലു പറഞ്ഞത് ഇങ്ങനെയായിരുന്നു. “എന്റെ അച്ഛൻ എന്നോട് പറഞ്ഞത്  നീ പണമില്ലാത്തവന്റെ മകനാണ്.അതുകൊണ്ട് നിനക്കായി ഞാനൊരു ജോലി ഏർപ്പെടുത്തിയിട്ടുണ്ട്. അന്ന് ഞാൻ പറഞ്ഞു. അച്ഛാ ഞാൻ കഷ്ടപ്പെട്ടു പഠിക്കും. എന്നാൽ പാവപ്പെട്ട കുട്ടികൾക്ക് ഒരു പ്രചോദനമാവും. അച്ഛൻ തന്നെയല്ലേ  പറയുന്നത് മറ്റുള്ളവർക്ക് നല്ലതു വരുത്തണമെന്ന്. ആ അച്ഛന്റെ മകനാണു ഞാൻ. അന്ന് ഞാൻ ആ ജോലിക്കു പോയിരുന്നെങ്കിൽ ഇന്ന് ഞാൻ ഈ നിലയിലെത്തില്ലായിരുന്നു. അന്നു മുതൽ അപ്പുവും കുഞ്ഞാലുവും കൂട്ടുകാരായി.

പഠിച്ചുകഴിഞ്ഞപ്പോഴേക്കും അവർ പിരിയാത്ത ചങ്ങാതിമാരായി. പരീക്ഷ കഴിഞ്ഞ ദിവസംകുഞ്ഞാലു പറഞ്ഞു. "നമ്മൾ ഇനി ചിലപ്പോൾ കണ്ടെന്നു വരില്ല നീ എന്റെ വീട് കണ്ടിട്ടില്ലല്ലോ " "ശരി ഇന്ന് നമുക്ക് നിന്റെ വീട്ടിലേക്കു പോകാം " അപ്പു പറഞ്ഞു അവർ കുഞ്ഞാലുവിന്റെ വീട്ടിലെത്തി . ഓല മേഞ്ഞ ഒരു കൊച്ചു വീട്. അതിനകത്തു ഒരു മനുഷ്യൻ ഇരിക്കുന്നു. കുഞ്ഞാല് പറഞ്ഞു . അതാണെന്റെ അച്ഛൻ. അയാൾ മുഖമുയർത്തി. അപ്പുവിന്റെ തൊണ്ടയിൽ നിന്ന് ഇടറിയ ഒരു ശബ്ദമുയർന്നു കോയസ്സൻ അയാളുടെ ചുണ്ടുകൾ മന്ത്രിച്ചു അപ്പു എത്രനാൾ കഴിഞ്ഞാലും പരിശുദ്ധമായ സ്നേഹ ബന്ധങ്ങൾ മായില്ല "

കൃഷ്ണജിത്ത്
V

# വേദനിക്കാത്തവർ

പുഴ കരഞ്ഞില്ല
മറുകീറിരക്തമൂറ്റിയെടുത്തപ്പോഴും
ജലമൊഴിഞ്ഞു മണൽതിട്ടയായപ്പോഴും
പുഴ കരഞ്ഞില്ല
മല വിതുമ്പിയില്ല
കൂറ്റൻ ലോഹകൈകൾ കഷണങ്ങളാക്കി
വാരിക്കൂട്ടി യപ്പോഴും
മല വിതുമ്പിയില്ല
മരം തേങ്ങിയില്ല
കൂടെപ്പിറന്നവർ ഓരോരുത്തരായി
ഒന്നിനുമേലൊന്നായി മരിച്ച നിരന്നു
കിടന്നപ്പോഴും മരം തേങ്ങിയില്ല
കിളി പാടാതിരുന്നില്ല
കാറ്റത്താടുന്ന കൂടിനുള്ളിൽ
കുഞ്ഞുങ്ങൾ വിശന്നു കാറുമ്പോഴും
മൂട് ദ്രവിച്ച മരത്തിൻകൊമ്പിൽ
ഇനിയെന്ത് എന്നോർത്തിരിക്കുമ്പോഴും
കിളി പാടാതിരുന്നില്ല
പൂവ് പിടഞ്ഞില്ല
കാറ്റ് കിതച്ചില്ല
കുളിരില്ലാതെ തഴുകിയിട്ടും
മണ മില്ലാതെ പാറിയിട്ടും
പൂമ്പൊടിയില്ലാതെ  പുൽകിയിട്ടും
കാറ്റ് കിതച്ചില്ല

ഭൂമി നെഞ്ചത്തടിച്ച നിലവിളിച്ചില്ല
എല്ലാം നഷ്ടമായിട്ടും മക്കൾ പെരുവഴി -
യിലുപേക്ഷിച്ചിട്ടും
ചോരയൊലിക്കുന്ന വ്രണങ്ങൾ
നീരുകൊണ്ട് വിങ്ങുമ്പോഴും
അടുത്ത് വരുന്ന മരണം മുഖം
പൊത്തി ചിരിക്കുമ്പോഴും
ഭൂമി നെഞ്ചത്തടിച്ച നിലവിളിച്ചില്ല
പകരം ചുണ്ടുകൾ മന്ത്രിച്ച
സർവനാശമെത്തും മുമ്പേ
മക്കളെ തിരിഞ്ഞു നോക്കിൻ
ഒരുകുഞ്ഞു തൈ ദൂരെ ചിരിച്ച
നിൽക്കുന്നതും
ഒരു കിളികുഞ്ഞു കുഞ്ഞിച്ചിറക
കുടയുന്നതും
ഒരു തുമ്പപ്പൂവിന്റെ കണ്ണിലെ പ്രകാശവും
ഒരു  മഴവില്ലിന്റെ മന്ദഹാസവും
ഒത്തൊരുമിക്കുവിൻ ഒന്നിച്ച പാടുവിൻ
കൈ വിട്ടതെല്ലാം തിരിച്ച നേടീടുവാൻ
വൈകാതെ നമ്മുടെ കാലടിച്ചോട്ടിലൂടൂർന്നു
പോകും മർത്യ ജീവിതം നശ്വരം

ബിനു ടീച്ചർ

യു പി എസ്എ

# ജീവധാര

ഒരു  മയിൽ പീലിപോൽ
എന്നേയ്ക്കുവന്നുപോയ്
ആലോലമായിടും ബാല്യം
കളിവഞ്ചിയൊഴുക്കിനാം
അടിമുടിനനഞ്ഞീടും
കടലായ് നമ്മുടെബാല്യം
അതിലലിവായ്ഉണർന്നിബാല്യം
കൗമാരമീഥികൾതുറന്നീടുംനേരം
സല്ലാപമായിഅലഞ്ഞീടുംനേരം
ഒഴുകുന്നു ജീവധാര പോലെ
നനയുന്ന വാർമഴവില്ലുപോലെ
യുയനവനാകുലമാകുംനേരം
ആരെയോഓർക്കുന്നനേരം
ഒരുജന്മംലക്ഷ്യമെല്ലാംനേടുന്നനേരം
പ്രാരാബ്ധമെല്ലാമിറക്കിവെച്ച്
നാംപാരിൽ നിന്നുയരുന്നകാലം
വാർദ്ധക്യകാലമൊരശരീരിപോൽ
മാറുന്നുനാം ഒരു പാഴ്ചിപ്പിപോലെ
ഒരുങ്ങീടുന്നൊരുപാവയെപ്പോലെ
പെയ്തുതീരാന്നകാർമേഘങ്ങളായ്
കൊയ്തൊഴിഞ്ഞപൊൻപാടങ്ങളായ്
നാംതിരുസന്നിധിയിലേക്ക്ഒഴുകുന്നിതാ
ഒരുമുത്തശ്ശിക്കഥപോലെമാറുന്നിത
ഒഴുകിത്തീർന്നനദിപോലെ
മാനവജന്മംഅണയുകയായ്

ആർദ്ര സുരേഷ്



സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്

# മാജിക്ക് പ്ലാനറ്റ്

ഞാൻ മാജിക്ക് പ്ലാനറ്റ് കാണാൻ പോയത് സ്കൂളിൽ നിന്നാണ്.ഞങ്ങൾ എല്ലാരും രാവിലെ 8-മണി ആയപ്പോൾ സ്കൂളിലെത്തി.പിന്നെ ഞങ്ങളെ എല്ലാരെയും 5 ഗ്രൂപ്പാക്കിതിരിച്ചു.എന്നിട്ട് എല്ലാരും ബസിൽ കയറിയവിടെയെത്തി.പാട്ടും ബഹളവുമായി ഞങ്ങൾ ഒരുമിച്ച് ആഹ്ലാദിച്ചു.പിന്നെ കുറച്ചു മണിക്കൂറുകൾ കടന്നപ്പോൾ ഞങ്ങൾ അവിടെയെത്തി.ഞങ്ങൾ ബസിൽ നിന്ന് ഇറങ്ങിയപ്പോൾ തന്നെ കിളികളുടെ നാദം കേട്ടിരുന്നു.അവിടെ നിറയെ പച്ചപുല്ലുകളായിരുന്നു.മനോഹരമായ പൂക്കളെ ഞങ്ങൾ

അവിടെ കണ്ടു.നമ്മൾ പിന്നെ മാജിക്ക് കാണാൻ വേണ്ടി അകത്തുകയറി.അവിടെ ഞങ്ങൾ മനോഹരമായി മാജിക്ക് ചെയ്യുന്ന മജീഷ്യനെ കണ്ടു.ഞങ്ങൾ അദ്ദേഹത്തെ പരിചയപ്പട്ടു.ഞാൻ ഇന്നുവരെ കാണാത്ത പല മാജിക്കുകളും അന്നത്തെ ദിവസംകണ്ടു. അവിടെ കുട്ടികൾക്ക് പഠിക്കാനും,കളിക്കാനും,അബാക്കസ്,സ്കേറ്റിംഗ് മുതലായ അനേകം കാര്യങ്ങൾ ഉണ്ടായിരുന്നു.ഞാൻ ഒരുപാട് മാജിക്കുകൾ കണ്ടു.എനിക്ക് അവിടെ നിന്ന് വരാനേ തോന്നിയില്ല.കണ്ട മാജിക്കുകൾ തന്നെ വീണ്ടും വീണ്ടും കാണാൻ ഞാൻ ആഗ്രഹിച്ചിരുന്നു.ആ മജീഷ്യനെ ഞങ്ങൾ എല്ലാവരും മനസ്സ്കൊണ്ട് ഒന്നു വണങ്ങിപ്പോയി.കാരണം അദ്ദേഹം അത്രയ്ക്കും ഞങ്ങളെ സന്തോഷിപ്പിച്ചു.എന്റെ ഒരു ദിനം നല്ലതാക്കി തന്നത് തന്നെ അദ്ദേഹമാണ്.ഞാൻ ഒരിക്കൽ കൂടി പോകാൻ ആഗ്റഹിച്ചുപോയി.പിന്നെ ഞങ്ങൾ തിരിച്ചുവരാൻ വേണ്ടി തയ്യാറായി.എല്ലാവർക്കും അപ്പോൾ ഒരു വിഷമം പോലെയായിരുന്നു.പിന്നെ കണ്ട കാഴ്ച്ചകൾ എല്ലാം ഓർത്ത് നമ്മൾ സന്തോഷിച്ചു.ഏതാണ്ട് 5 മണിയായപ്പോൾ തിരിച്ചു പുറപ്പെട്ടു.പിന്നെ ഞങ്ങൾ സ്കൂളിൽ എത്തിയിട്ട് നേരെ വീട്ടിലേക്ക് പോയി.ഇതാണ്എനിക്ക് മറക്കാൻ കഴിയാത്ത എന്റെ നിറംപകരുന്ന യാത്ര.

*നഫീസത്തുൽ മിസ്രിയ*

# ജീവൻ പിന്നിട്ട വഴികൾ

കടലിൽ നിന്നുയരുന്ന ജീവൻ
ആഴക്കടലിന്റെ മാറിൽ അലിഞ്ഞു.
ഒരു പനിനീരിൻ നറു ഗന്ധംതൂകി
അണയാതെ വന്നു നീ.
ഗിരിനിരകൾതങ്ങിവരുംതെന്നലായി
കൃഷ്ണയായ്,യമുനപോൽ ഗംഗയിൽ
അലഞ്ഞു അലഞ്ഞു വരുന്ന നീ
ഒരുനദിയാണു നീ മായാനദിയാണുനീ
ആരു നിനക്കു തന്നു.
ആരുകനിഞ്ഞു നിന്റെ മൗനം..
എവിടേയ്ക്കോമറയുന്നപോൽ
ആരുടെകണ്ണിൽനിന്നകലുന്നപോൽ
തീരാവേദന നെഞ്ചിൽ പേറി
അലയുന്ന നീ ഒരുമായാനദിപോലെ.

ശ്രീജിത്ത് എ എസ്
10 എ

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിൽ പങ്കാളികളായ എല്ലാവർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നന്ദി അറിയിക്കുന്നു.